# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KKD/P1/308/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 20/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P1/308/2023 തീയ്യതി: 20/03/2023

## കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 23-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രത്നസിംഗ് കെ.പി. | ഡെപ്യൂട്ടി ഡയറക്ടർ | 24-02-2023 | 02-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 24-02-2023 | 02-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
ശ്രീമതി.പ്രസീതകുമാരി.എം,ഓഡിറ്റ് ഓഫീസർ
ശ്രീ.ജയകുമാർ പാലോളി,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജിഷ.പി, ഓഡിറ്റർ
ശ്രീമതി.റെൻസി.ഇ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷംലൂലത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ.ഹരിഹരൻ.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രിൻസിയ മുഹമ്മദ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ.എൻ. രാജേഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. അബ്ദുൾ കലാം ആസാദ്. പി.എ | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ലിസ.പി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.നബീൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. ഗീത ശ്രീനിവാസൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ഗീത | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ശ്രീമതി. ഫെബിത | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി റുമൈസ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.സബീഷ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ഗോകുൽ പ്രസാദ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 31-10-2021 |
| ശ്രീ.പ്രശാന്ത് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 06-11-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം ( ACR) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 7 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല | 1-9 |
| 10 | കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല | 1-10 |
| 11 | ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി- നികുതിയിനത്തിൽ നഷ്ടം | 1-11 |
| 12 | അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-12 |
| 13 | തൊഴിൽ നികുതി-അപാകതകൾ | 1-13 |
| 14 | സംരംഭക ലൈസൻസ് -അപാകതകൾ | 1-14 |
| 15 | ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നു | 1-15 |
| 16 | ചുള്ളിക്കാപറമ്പ് ജി.എൽ.പി.എസ് കുഴൽ കിണർ നിർമ്മാണം - വിനിയോഗവിവരം ലഭ്യമല്ല. | 1-16 |
| 17 | കരിക്കാട് കുളം നവീകരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 18 | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്നു വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമായില്ല | 1-18 |
| 19 | ഓപ്പൺ ജിം സ്ഥാപിച്ചതിന്റെ- അനുപതി പത്രം ഹാജരാക്കിയില്ല | 1-19 |
| 20 | വിവിധ പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ | 1-20 |
| 21 | വാതിൽപ്പടി സേവനം - വരവ് ചെലവ് രേഖകൾ ലഭ്യമാക്കിയില്ല. | 1-21 |
| 22 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി | 1-22 |
| 23 | ഹരിതകർമ്മസേന - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത | 1-23 |
| 24 | ടോയ് ലറ്റ് നിർമ്മാണം പദ്ധതികൾ തയ്യാറാക്കിയത് ആവശ്യകത അനുസരിച്ചല്ല | 1-24 |
| 25 | എംബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിക്കുന്നില്ല | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.2.21 തിയ്യതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2021-22 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 94,20,445 |
| വരവ് | 15,82,31,020 |
| ആകെ | 16,76,51,465 |
| ചെലവ് | 16,50,24,508 |
| നീക്കിയിരിപ്പ് | 26,26,957 |

പുതുക്കിയ ബജറ്റ് 19.1.22 ലെ 3(1)/21 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

തൻവർഷം ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ പ്രകാരം ഡിസംബർ അവസാന വാരം നിർവ്വഹണ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

ബജറ്റ് രൂപീകരണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബജറ്റ് മാന്വലിലും പഞ്ചായത്ത് രാജ് നിയമങ്ങളിലും പരാമർശിക്കുന്ന മേൽ നടപടിക്രമങ്ങൾ ഉൾപ്പടെ പാലിക്കപ്പെടുന്നുണ്ട് എന്ന് സെക്രട്ടറിയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-2 വാർഷിക കണക്കിലെ അപാകതകൾ

1. വാർഷിക കണക്ക് ബി-14 പ്രകാരം Closing Stock-stores ഇനത്തിൽ 24900/- നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററിൽ സ്റ്റോക്കിന്റെ മൂല്യം

രേഖപ്പെടുത്തിയിട്ടില്ല.

2. എ.ഇ. നിർവ്വഹണം ചെയ്ത E-Tender നടത്തിയ പ്രോജക്റ്റുകളിലെ ടെണ്ടർ ഫീസ് വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3. 3 വർഷ കാലാവധി പിന്നിട്ട ഡെപ്പോസിറ്റുകൾ, നിരതദ്രവ്യം എന്നിവ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല (Suppliers Emd, Suppliers SD)

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

5. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഹെഡിൽ മുൻവർഷത്തെ തുക ക്രമീകരിക്കാതെ അവശേഷിക്കുന്നു.

6. പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്ക് Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| കൊടിയത്തൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (005001000210) | 22100542 | 11210/3.11.21 | 950 |

7. എ.സി.ആർ, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ്, ലോൺ രജിസ്റ്റർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,00,97,250 |
| വരവ് | 8,01,41,313 |
| ആകെ | 10,02,38,563 |
| ചെലവ് | 7,26,62,791 |
| നീക്കിയിരിപ്പ് | 2,75,75,772 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 14227867 | 14227867 | 14219390 | 8477 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 5539458 | 5539458 | 4971000 | 568458 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7919034 | 7919034 | 6447176 | 1471858 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5993990 | 5993990 | 3563027 | 2430963 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 0 | 3499535 | 3014000 | 2787701 | 226299 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) | 0 | | 485535 | 128176 | 357359 |

| | | | | | |
|---|---|---|---|---|---|
| Treasury | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 0 | 8207576 | 4521000 | 1006872 | 3514128 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ് (Tied Grant) Treasury | | | 3686576 | 2112108 | 1574468 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഐ.സി.ഡി.എസ് | 993064 | 1748202 | 2741266 | 2500000 | 241266 |
| എം.പി ഫണ്ട് | 34685 | 310022 | 344707 | 308693 | 36014 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| വിമുക്തി | 32291 | 0 | 32291 | 0 | 32291 |
| ശുചിത്വമിഷൻ | 3485704 | 3485704 | 3485704 | 858884 | 2626820 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 189 | 71503271 | 119 | 51586855 | 39 | 31 | 63% |

വകയിരുത്തിയതിന്റെയും നടപ്പിലാക്കിയതിന്റെയും വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷിഓഫീസർ | 9 | 9 | 4339924 | 3634604 | 84% |
| വെറ്ററിനറി സർജൻ | 5 | 5 | 1405000 | 1375554 | 98% |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 5 | 5 | 1680000 | 1586315 | 94% |
| മെഡിക്കൽ ഓഫീസർ) (ഹോമിയോ) | 2 | 2 | 312000 | 310900 | 99% |
| മെഡിക്കൽ ഓഫീസർ) (ആയുർവ്വേദം) | 3 | 3 | 851000 | 850340 | 99% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 104 | 83 | 28872852 | 17107728 | 59% |
| വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 13 | 9 | 13407000 | 8257118 | 62% |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 8932739 | 8714214 | 98% |
| സെക്രട്ടറി | 34 | 28 | 8326135 | 6861388 | 82% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 1694683 | 1294683 | 76% |
| അസി.സെക്രട്ടറി | 2 | 2 | 295320 | 266854 | 90% |
| ഹെഡ്മാസ്റ്റർ | 5 | 5 | 1386618 | 1327157 | 96% |
| ആകെ | 189 | 158 | 71503271 | 51586855 | 72% |

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

12-4-2021ലെ എ2-4852/2017 നം. ഓഫീസ് ഉത്തരവ് പ്രകാരം പഞ്ചായത്തിൽ ജീവനക്കാർക്ക് കൃത്യമായി ഉത്തരവാദിത്വങ്ങൾ വിഭജിച്ചുനൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയുരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. 2021-22ൽ 6 തവണ മാത്രമേ സ്റ്റാഫ് മീറ്റിംഗ് വിളിച്ച കൂട്ടിയിട്ടുള്ളൂ. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചിട്ടില്ല. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം ചേർത്ത് കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ അബ്സ്ട്രാക്ട് കൃത്യമായി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് അധികൃതപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ

അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാകാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2023 ന് 03.35 Am മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 59,755/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ക്ഷേമ പദ്ധതികൾ

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 1,55,87,200 | 471 |
| വിധവാ പെൻഷൻ | 3,04,30,400 | 978 |
| വാർദ്ധക്യകാല പെൻഷൻ | 5,17,78,800 | 1782 |
| വികലാംഗ പെൻഷൻ | 96,61,200 | 316 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12,60,800 | 41 |
| വിവാഹധനസഹായം | 1,20,000 | 2 |

## 1-9 വിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി ഈടാക്കിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് സെക്ഷൻ 203, 208 (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 60 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

2011 ന് ശേഷം, നിർമ്മാണം പൂർത്തിയായതും തറ വിസ്തീർണം (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ പറയുന്ന, 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങളെ, 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതി വരവിൽ നഷ്ടം സംഭവിച്ചു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ 1

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 3/155 B |
| ആകെ തറ വിസ്തീർണ്ണം | 234.6 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ശ്രീ. മുഹമ്മദ് ജമാൽ,<br>കാക്കിരി, നെല്ലിക്കാപറമ്പ്-<br>673602 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2013 ആദ്യ അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം | |
|---|---|
| ബാധകമാക്കിയ നികുതി നിരക്ക്<br>40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 234.6*40 = 9384/-<br>9384 – 938.4 = 8446/-<br>8446 + 1877 = 10323/- | 234.6*60 = 14076/-<br>14076 – 1407.6 = 12669/-<br>12669 + 2816 = 15485/- |

| | |
|---|---|
| 10323 + 517 = 10840/-<br>(ഇളവ് മേഖല അടിസ്ഥാനം: അടിസ്ഥാന നികുതി - ദ്വിതീയം 10% )<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 15485 + 775 = 16260/-<br>(ഇളവ് മേഖല അടിസ്ഥാനം: അടിസ്ഥാന നികുതി - ദ്വിതീയം 10%)<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% |

| നികുതി പ്രാബല്യത്തിൽ വരുന്ന തീയതി 2013 ആദ്യ അർദ്ധ വാർഷികം | | | | | | | | |
|---|---|---|---|---|---|---|---|---|
| 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) | 16260-10840 =5420/- (5162 BT+ 258 LC) |
| 2013 ആദ്യ അർദ്ധ വാർഷികം മുതലുള്ള ആകെ നഷ്ടം 48,780/- (46,458 BT+ 2,322 LC) | | | | | | | | |

ക്രമ നമ്പർ 2

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 8/187 A |
| ആകെ തറ വിസ്തീർണ്ണം | 140.37 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | സെക്രട്ടറി, കൊടിയത്തൂർ സർവ്വീസ് സഹകരണ ബാങ്ക്, പന്നിക്കോട്-673602 |
| നികുതി പ്രാബല്യത്തിൽ | 2013 ആദ്യ അർദ്ധ വാർഷികം |

| | |
|---|---|
| വന്ന വർഷം | |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം | |
|---|---|
| ബാധകമാക്കിയ നികുതി നിരക്ക്<br>40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക്<br>60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 140.37*40 = 5615/-<br>5615 – 561.5 = 5054/-<br>5054 + 1123 = 6177/-<br>6177 + 309 = 6486/-<br>(ഇളവ്: അടിസ്ഥാന നികുതി - ദ്വിതീയം 10% )<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 140.37*60 = 8423/-<br>8423 – 842.3 = 7581/-<br>7581 + 1685 = 9266/-<br>9266 + 464 = 9730/-<br>(ഇളവ്: അടിസ്ഥാന നികുതി - ദ്വിതീയം 10% )<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% |

| നികുതി പ്രാബല്യത്തിൽ വരുന്ന തീയതി 2013 ആദ്യ അർദ്ധ വാർഷികം | | | | | | | | |
|---|---|---|---|---|---|---|---|---|
| 2013-14 | 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) | 9730 - 6486 =3244/- (3089 BT+ 155 LC) |

| |
|---|
| 2013 ആദ്യ അർദ്ധ വാർഷികം മുതലുള്ള ആകെ നഷ്ടം 29,196/- (27801 BT+ 1395 LC) |

ക്രമ നമ്പർ 3

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 8/584 A To H |
| ആകെ തറ വിസ്തീർണ്ണം | 357.04 ച.മീ |
| കെട്ടിടമുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | ശ്രീ. സുലൈമാൻ, അരിമ്പ്ര പുതുശ്ശേരി, മുറത്തും മൂലയിൽ, കൊടിയത്തൂർ- 673602 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2017 രണ്ടാം അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: പ്രഥമം | |
|---|---|
| ബാധകമാക്കിയ നികുതി നിരക്ക് 40 രൂപ<br>ഈടാക്കുന്ന നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) | ബാധകമാക്കേണ്ട നികുതി നിരക്ക് 60രൂപ<br>ഈടാക്കേണ്ട നികുതി<br>(ഇളവുകളും വർദ്ധനവും അടക്കം) |
| 357.04*40 = 14282/-<br>14282 + 2857 = 17139/-<br>17139 + 857 = 17996/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ | 357.04*60 = 21423/-<br>21423 + 4285 = 25708/-<br>25708 + 1286 = 26994/-<br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി |

| | |
|---|---|
| ലൈബ്രറി സെസ് 5% | സെസ് 5% |

| നികുതി പ്രാബല്യത്തിൽ വരുന്ന തീയതി 2017 രണ്ടാം അർദ്ധ വാർഷികം | | | | |
|---|---|---|---|---|
| 2017-18 രണ്ടാം അർദ്ധ വാർഷികം | 2018-19 | 2019-20 | 2020-21 | 2021-22 |
| 26994-17996 = 8998/- 8998/2 = 4499/- (4285 BT+ 215 LC) | 26994-17996 = 8998/- (8569 BT+ 429 LC) | 26994-17996 = 8998/- (8569 BT+ 429 LC) | 26994-17996 = 8998/- (8569 BT+ 429 LC) | 26994-17996 = 8998/- (8569 BT+ 429 LC) |
| 2017-18 രണ്ടാം അർദ്ധ വാർഷികം മുതലുള്ള ആകെ നഷ്ടം 40,491/- (38,561 BT+ 1,931 LC) | | | | |

ക്രമ നമ്പർ 4

| | |
|---|---|
| വാർഡ് നമ്പർ/കെട്ടിട നമ്പർ | 8/319 A To O |
| ആകെ തറ വിസ്തീർണ്ണം | 633.55 ച.മീ |
| കെട്ടിടയുടമയുടെ പേരും വിലാസവും (സഞ്ചയ പ്രകാരം) | അബ്ദുസ്സലാം, മാട്ടത്തൊടി, എരഞ്ഞിമാവ്, പന്നിക്കോട്- 673602 |
| നികുതി പ്രാബല്യത്തിൽ വന്ന വർഷം | 2015 ആദ്യ അർദ്ധ വാർഷികം |

| കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല: ദ്വിതീയം | |
|---|---|
| ബാധകമാക്കിയ നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി നിരക്ക് |

| | |
|---|---|
| 40 രൂപ<br><br>ഈടാക്കുന്ന നികുതി<br><br>(ഇളവുകളും വർദ്ധനവും അടക്കം) | 60രൂപ<br><br>ഈടാക്കേണ്ട നികുതി<br><br>(ഇളവുകളും വർദ്ധനവും അടക്കം) |
| 633.55 *40 = 25342/-<br><br>25342 – 2534.2 = 22808/-<br><br>22808 + 5069 = 27877/-<br><br>27877 + 1394 = 29271/-<br><br>(ഇളവ്: അടിസ്ഥാന നികുതി - ദ്വിതീയം 10% )<br><br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% | 633.55*60 = 38013/-<br><br>38013 – 3801.3 = 34212/-<br><br>34212 + 7603 = 41815/-<br><br>41815 + 2091 = 43906/-<br><br>(ഇളവ്: അടിസ്ഥാന നികുതി - ദ്വിതീയം 10% )<br><br>{അടിസ്ഥാന നികുതി+ വഴി സൗകര്യം വർദ്ധനവ്: 5 മീറ്ററോ അതിൽ കൂടുതൽ 20%}+ ലൈബ്രറി സെസ് 5% |

| നികുതി പ്രാബല്യത്തിൽ വരുന്ന തീയതി 2015 ആദ്യ അർദ്ധ വാർഷികം | | | | | | |
|---|---|---|---|---|---|---|
| 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
| 43906-29271 =14635/- (13938 BT+ 697 LC) | 43906-29271 =14635/- (13938 BT+ 697 LC) | 43906-29271 =14635/- (13938 BT+ 697 LC) | 43906-29271 =14635/- (13938 BT+ 697 LC) | 43906-29271 =14635/- (13938 BT+ 697 LC) | 43906-29271 =14635/- (13938 BT+ 697 LC) | 43906-29271 =14635/- (13938 BT+ 697 LC) |
| 2016 ആദ്യ അർദ്ധ വാർഷികം മുതലുള്ള ആകെ നഷ്ടം 1,02,445/- (97,566 BT+ 4,879 LC) | | | | | | |

തെറ്റായ രീതിയിൽ കെട്ടിടങ്ങളുടെ നികുതി നിർണയിച്ചത് മൂലം പഞ്ചായത്തിന് നികുതി നഷ്ടം സംഭവിച്ചിരിക്കുന്നു. മേൽ കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷത്തിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-10 കെട്ടിട നിർമ്മാണം- ക്രമവത്കരണ ഫീസ് ഈടാക്കിയില്ല

ശ്രീ.ഗണേശൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള കൊമേർഷ്യൽ കെട്ടിടത്തിന് 2021-22 വർഷത്തിൽ നികുതി നിർണയിച്ച് നമ്പരിട്ട് നൽകിയിട്ടുള്ളതാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് (നം. BL 192/2020 തീയതി. 22.02.2020) പ്രകാരമുള്ള അപ്രൂവ്ഡ് പ്ലാനിൽ നിന്നും പ്രസ്തുത കെട്ടിടം അധികരിച്ച് നിർമ്മിച്ചതായി കംപ്ലീഷൻ പ്ലാനിൽ കാണുന്നു എന്നാൽ അധിക വിസ്തീർണത്തിന് ക്രമവത്കരണ ഫീസ് ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| കെട്ടിട നമ്പർ/ വിനിയോഗ ക്രമം | ഉടമസ്ഥന്റെ പേര്/ മേൽ വിലാസം | അപ്രൂവ്ഡ് പ്ലാനിലുള്ള വിസ്തീർണം (ച.മീ) | കംപ്ലീഷൻ പ്ലാനിലുള്ള വിസ്തീർണം (ച.മീ) | അധിക രിച്ച് നിർമ്മിച്ച വിസ്തീർണം (ച.മീ) | ഈടാ ക്കേണ്ട ക്രമവത്ക രണ ഫീസ് |
|---|---|---|---|---|---|
| 13/101 A1 To T കൊമേർഷ്യൽ | ശ്രീ.ഗണേശൻ, കൈതക്കൽ, ചുള്ളിക്കാ പ്പറമ്പ്, ചെറുവാടി- 673661 | 254.43 | 311.67 | 57.24 | 1145/- (57.24x10x2) |
| ആകെ | | | | | 1145/- |

പെർമിറ്റ് ഫീസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക 1145/- രൂപ ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതുമാണ്.

## 1-11 ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി- നികുതിയിനത്തിൽ നഷ്ടം

ട്രേഡ്സ് ലിസ്റ്റും സഞ്ചയയും പരിശോധിച്ചതിൽ ശ്രീ.അബ്ദുറഹിമാൻ (തിരിക്കോട്ട്, പാഴൂർ- 673661) എന്നവരുടെ ഉടമസ്ഥതയിലുള്ള 7/69 B1 കെട്ടിടം 15 ച.മീ തറ വിസ്തീർണ്ണമുള്ളതും 2015 ആദ്യ അർദ്ധ വാർഷികം നികുതി പ്രാബല്യത്തിൽ വന്നിട്ടുള്ളതുമാണെന്ന് വ്യക്തമാണ്. ടെയ്ട്രേഡ്സ് ലിസ്റ്റിൽ ടി നിർമ്മിതി മാർവ എം സാന്റ് യൂണിറ്റിനോട് ബന്ധപ്പെട്ടിട്ടുള്ളതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

സഞ്ചയയിൽ മേൽ കെട്ടിടം വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളത് എന്ന് കാണുന്നു. പഞ്ചായത്തിൽ ഇതര വ്യവസായാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 10 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ഇതര വ്യവസായാവശ്യത്തിനുള്ള മേൽ കെട്ടിത്തിനെ വ്യവസായാവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിശ്ചയിച്ചതിലൂടെ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിരിക്കുന്നു. മേൽ കെട്ടിടം സ്ഥലപരിശോധന നടത്തി നികുതി പുനർനിർണ്ണയിച്ച് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വസ്തുനികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട വർഷങ്ങളിൽ ചുമതല വഹിച്ച ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

1-12 അനധികൃത നിർമ്മാണം- തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2021-22 വർഷത്തെ കെട്ടിട നിർമ്മാണ ക്രമവത്കരണ, പൂർത്തീകരണ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിന് വേണ്ടി ശ്രീമതി.ഷാജിത.എ.പി സമർപ്പിച്ച അപേക്ഷ ഭൂമിയുടെ തരം നഞ്ചയായതിനാൽ നിരസിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| കറണ്ട് നം, തിയ്യതി | അപേക്ഷയുടെ വിശദാംശം | കെട്ടിടത്തിന്റെ വിനിയോഗതരം | വാർഡ് നമ്പർ/ സർവെ നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 4216 (1477446), Dt. 04.10.2021 | ശ്രീമതി.ഷാജിത.എ.പി, ആര്യം പറമ്പത്ത്, കാരാളിപറമ്പ്, പന്നിക്കോട് | പാർപ്പിടാവശ്യം | W.11 100/14 | 77.28 ച.മീ |

മേൽ കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ ലാൻഡ് റവന്യൂ വകുപ്പിൽ നിന്ന് തണ്ടപ്പേർ നമ്പർ4733 അനുസരിച്ച് കരം ഒടുക്കിയ രസീതി പ്രകാരവും (രസീതി നം. KL11012007571/2021/20.08.21), തണ്ടാധാര പ്രകാരവും അപേക്ഷകയുടെ 2.024 ആർസ് ഭൂമിയുടെ തരം നഞ്ച എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കൂടാതെ 25.09.2021 ന് സമർപ്പിച്ച കെട്ടിട നിർമ്മാണ പൂർത്തീകരണ സാക്ഷ്യപത്രം സമർപ്പിച്ചതിൽ മേൽ കെട്ടിടം 08.09.2021ന് പൂർത്തീകരിച്ചിട്ടുള്ളതാണെന്ന് എഞ്ചിനീയറും

(Appendix E3) കെട്ടിട ഉടമയും (Appendix E1) സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കെട്ടിടം ക്രമവൽകരിച്ച് നൽകാനുള്ള അപേക്ഷയിലെ അപാകത ചൂണ്ടിക്കാട്ടി ഭൂമിയുടെ തരം നഞ്ചയാണെന്ന് ഉറപ്പ് വരുത്തുന്നതിന് ബന്ധപ്പെട്ട സെക്ഷനിൽ നിന്നും കൃഷി ഓഫീസർക്ക് കത്ത് (കത്ത് നം. A3-4216/2021 തീ. 04.10.2021) നൽകുകയും, കൃഷി ഓഫീസർ മേൽ ഭൂമി 2008ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാബേസിൽ ഉൾപ്പെട്ടതാണെന്ന് റിപ്പോർട്ട് (കെ.ബി.കെ.ഡി.ആർ22/2021, പന്നിക്കോട്,തീ.16.10.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം ക്രമവൽകരിക്കുന്നതിന് അനുമതി നൽകാൻ നിർവാഹമില്ലെന്ന് അറിയിച്ച് കൊണ്ട് (കത്ത് നം. A3-4216/2021 തീ. 22.10.2021) അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഈ കെട്ടിടത്തെ സംബന്ധിച്ച വിശദാംശങ്ങൾ അനധികൃത നിർമ്മാണ രജിസ്റ്ററിൽ ഉൾപ്പെടുത്തി, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എ എ ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കിയിട്ടില്ല. സ്ഥാപനത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ ഉണ്ടെങ്കിലും പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളെ കുറിച്ച് യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ അനധികൃത നിർമ്മാണ കെട്ടിടങ്ങൾ സംബന്ധിച്ച റിപ്പോർട്ട് സഞ്ചയയിൽ പരിശോധിച്ചതിലും പഞ്ചായത്തിലെ അനധികൃത നിർമ്മാണങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല.

മേൽ പറഞ്ഞ അനധികൃത കെട്ടിടത്തിനെതിരെ നിയമപരമായ തുടർ നടപടികൾ സ്വീകരിക്കാത്തതിനാലും, അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കാത്തതിനാലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായതായി വിലയിരുത്തുന്നു. ഫീൽഡ് തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിച്ച്, നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. സ്ഥലപരിശോധന നടത്തി ഇത്തരം കെട്ടിടങ്ങൾ റെഗുലറൈസ് ചെയ്യുന്ന നാളുവരെ അനധികൃത നിർമ്മാണം എന്ന് കണക്കാക്കി നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി-അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അർദ്ധ വാർഷിക റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 208 | ഫ്രഷലി വൺ ഹൈപ്പർ മാർക്കറ്റ് | 5 |
| 2 | 229 | തൊഴിലാളി വുഡ് ഇൻഡസ്ട്രി | 4 |
| 3 | 260 | ത്വയ്ബ ഷോപ്പിംഗ് സെന്റർ | 4 |
| 4 | 267 | കെ.സി.എം ഫാൻസി & സ്റ്റേഷനറി | 4 |
| 5 | 272 | 360 Degree Pictures | 15 |
| 6 | 273 | Niharika Studio | 12 |
| 7 | 281 | Ela (Food Products ,Dairy Products Etc) | 5 |
| 8 | 294 | സുപ്രീം ഫുഡ് പ്രോഡക്റ്റ്സ് | 5 |
| 9 | 295 | മലബാർ ബേക്ക്സ് & ഡ്രിംഗ്സ് | 5 |
| 10 | 313 | “Zaan Turkish Cuisine” | 4 |

| | | | |
|---|---|---|---|
| | | Tea &Coffee Stall | |
| 11 | 331 | ഡയമണ്ട് ഇന്റർലോക്കിംഗ് & പേവിംഗ് ടൈൽസ് | 6 |

മേൽ സ്ഥാപനങ്ങളുൾപ്പെടെ പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് പൂർണ്ണമാക്കി നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-14 സംരംഭക ലൈസൻസ് -അപാകതകൾ

സംരംഭക ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലൈസൻസ് ഡിമാന്റ് പൂർണ്ണമല്ല

2021-22 ൽ 402 പേരാണ് ഡിമാന്റ് രജിസ്റ്റർ പ്രകാരം ലൈസൻസിനായി ഫീസ് അടവാക്കിയിട്ടുള്ളത്.സഞ്ചയ പ്രകാരം വാണിജ്യ ആവശ്യത്തിന് നികുതി നിർണ്ണയിച്ച 2480 കെട്ടിടങ്ങളാണ് ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉള്ളത്. എന്നാൽ തൻവർഷം 554 കെട്ടിടങ്ങളിലായി 402 ലൈസൻസുകളാണ് അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ബാക്കിയുള്ള കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് സാദ്ധ്യതയുണ്ട്.

1994ലെ കേരള പഞ്ചായത്ത് നിയമം, വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലെ യാതൊരു സ്ഥലവും പരിസ്ഥിതി, പൊതുസുരക്ഷ, പൊതുജനാരോഗ്യം മുതലായ പൊതു താൽപര്യങ്ങളെ ദോഷകരമായി ബാധിക്കുന്നതോ ശല്യകാരണമായി ഭവിക്കുന്നതോ ആയ വ്യവസായങ്ങൾ, ഫാക്ടറികൾ, വ്യാപാരങ്ങൾ, പണിസ്ഥലങ്ങൾ, മറ്റു സേവനങ്ങൾ എന്നിവക്കായി പൊതുവേയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാര്യങ്ങൾക്കായി പ്രത്യേകിച്ചും, സെക്രട്ടറി നൽകുന്ന ലൈസൻസിലെ വ്യവസ്ഥകൾക്കനുസൃതമായല്ലാതെ ഉപയോഗിക്കാൻ പാടുള്ളതല്ല എന്ന കാര്യം ഇവിടെ പ്രസക്തമാകുന്നു.ലൈസൻസ് ഇനത്തിൽ ലഭിക്കുന്ന വരുമാനം നഷ്ടപ്പെടുന്നതിനൊപ്പം അപകടം വരുത്തിവയ്ക്കാവുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ല എന്നതും ഗൗരവപൂർവ്വം കാണേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി വാർഡുകളിൽ പരിശോധന നടത്തിയതായും പരിശോധനയിൽ ലൈസൻസ് ഇല്ലാതെ

പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങൾ കണ്ടെത്തുകയും ചെയ്തിട്ടുള്ളതായി ട്രേഡേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ലൈസൻസ് ഡിമാൻറ് പൂർണ്ണമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2. ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം

2017 ലെ കേരള പഞ്ചായത്ത് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ – ചട്ടം 5 (എ) പ്രകാരം ചട്ട പ്രകാരമുള്ള അപേക്ഷ അനുബന്ധ രേഖകൾ സഹിതം ലഭിക്കുന്നതിന്മേൽ സെക്രട്ടറിയോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷയും, അനുബന്ധ രേഖകളും പരിശോധിക്കേണ്ടതും, സമർപ്പിക്കാൻ വിട്ടുപോയ രേഖകൾ ഏതെങ്കിലും ഉണ്ടെങ്കിൽ ഉടനെ (മൂന്ന് ദിവസത്തിനകം) പുന:സമർപ്പിക്കാൻ അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്. ചട്ടം 6 പ്രകാരം രേഖകൾ എല്ലാം ലഭ്യമാകുന്ന പക്ഷം 7 ദിവസത്തിനകം നിബന്ധനങ്ങൾക്ക വിധേയമായി വ്യവസായങ്ങളോ ഫാക്ടറികളോ സംരംഭക പ്രവർത്തനങ്ങളോ മറ്റ് സേവനങ്ങളോ നടത്തുന്നതിനായി സ്ഥലം ഉപയോഗിക്കാൻ ലൈസൻസ് നൽകേണ്ടതാണ്.

തൻവർഷം ലൈസൻസിനായി അപേക്ഷകൾ പരിശോധിച്ചതിൽ പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിൽ ചട്ടങ്ങൾക്ക് വിരുദ്ധമായി കാലതാമസം ഉണ്ടായതായി കാണുന്നു. ആയതിനുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. (ലൈസൻസ് രജിസ്റ്റർ പ്രകാരം | ഉടമസ്ഥന്റെ പേര്, സ്ഥാപനം | അപേക്ഷ നൽകിയ തിയ്യതി | ലൈസൻസ് അനുവദിച്ച തിയ്യതി |
|---|---|---|---|
| 1 (291) | ഡോ.ദിവ്യ.കെ.എസ്, സോപാനം ആയുർവ്വേദ ക്ലിനിക് | 29.4.21 | 10.8.21 |
| 2 (323) | സൽമാൻ അഫീഫ്.പി, പ്രവാസി മിൽ ഫ്രഷ് | 11.8.21 | 5.11.21 |
| 3 (325) | ഷിനോജ്.സി, ഓട്ടോ സോൺ കാർ കെയർ-2 | 26.8.21 | 5.11.21 |

പുതിയ സംരംഭങ്ങളുടെ ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-15 ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്ന

ഫയൽ നമ്പർ ബി5-2437/21

മേൽ ഫയൽ പ്രകാരം 7 ാം വാർഡിൽ അനധികൃതമായി പ്രവർത്തിക്കുന്ന Alfa M-sand യൂണിറ്റിന്റെ പ്രവർത്തനം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നത് സംബന്ധിച്ച് ശ്രീ.മത്തായി.കെ.എം, കള്ളിക്കാട്ടിൽ ,തോട്ടുമുക്കം എന്നവർ പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതി സംബന്ധിച്ച് സ്ഥലപരിശോധന നടത്തുകയും നിലവിൽ 2024 വരെ ലൈസൻസ് ലഭ്യമായിട്ടുണ്ട് എന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ശ്രീ.റസാഖ്.വി ,വിളക്കോട്ടിൽ എന്നവർക്ക് ബി1-372/19-20 Dtd 13.12.19 നമ്പർ പ്രകാരം 13.12.2019 മുതൽ 31.3.2024 വരെയുള്ള 5 വർഷകാലയളവിലേക്ക് എം.സാന്റ് യൂണിറ്റിന് ലൈസൻസ് അനുവദിച്ചിരുന്നു എന്നും പ്രസ്തുത അപേക്ഷയൊന്നിച്ച് ഹാജരാക്കിയ ഫാക്ടറീസ് & ബോയിലേഴ്സ് ലൈസൻസ് കാലാവധി 5.1.2021 ന് അവസാനിക്കുന്നതായതിനാൽ ആയത് 5.4.2020 നകം ഹാജരാക്കാനും അല്ലെങ്കിൽ ഈ ലൈസൻസ് റദ്ദ് ചെയ്യപ്പെടുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയത് നാളിതുവരെ ഹാജരാക്കാത്തതിനാൽ 17.6.21 ന് A3-4607/21 നമ്പർ പ്രകാരം കക്ഷിക്ക് കത്ത് നൽകിയിട്ടുള്ളതുമാണ്. നാളിതുവരെ കക്ഷി മേൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ മേൽ ലൈസൻസിലെ വ്യവസ്ഥ കക്ഷി പാലിച്ചിട്ടില്ല എന്നതിനാൽ നിലവിൽ പ്രസ്തുത യൂണിറ്റിന് സാധുവായ ലൈസൻസ് ഇല്ലാത്തതാണ് എന്ന് സെക്ഷൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-16 ചുള്ളിക്കാപറമ്പ് ജി.എൽ.പി.എസ് കുഴൽ കിണർ നിർമ്മാണം - വിനിയോഗവിവരം ലഭ്യമല്ല.

8-2-2022ലെ നം.ജി.ഡബ്ല്യു/കെ.കെ.ഡി/ടി(എസ്)-223/2021 കത്ത് മുഖേന ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2021-22 വർഷം സെക്രട്ടറി നടപ്പിലാക്കിയ താഴെ കൊടുത്ത പദ്ധതി വഴി ഭൂജല വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രോജക്റ്റ് നം/പേര് | ചെലവ് തുക/ഫണ്ടിനം | ബിൽ നം/ തീയ്യതി |
|---|---|---|
| 154/22 ചുള്ളിക്കാപറമ്പ് ജി.എൽ.പി.എസ് കുഴൽ കിണർ | 37015 (റോഡിതര സംരക്ഷണ ഗ്രാന്റ് ) | 195/10-2-22 |

| | | |
|---|---|---|
| നിർമ്മാണം(സ്പിൽ ഓവർ) | | |

മേൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശവും വിനിയോഗ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (06/28-2-23) മറുപടി നൽകിയിട്ടില്ല. വിനിയോഗ വിവരം, പൂർത്തീകരണ വിവരം ഹാജരാക്കുന്നതുവരെ 37015/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ വിവരം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 കരിക്കാട് കുളം നവീകരണം പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം- 228/22

അടങ്കൽ -389249

ചെലവ് -338784

നിർവ്വഹണം -അസിസ്റ്റന്റ് എഞ്ചിനീയർ

പൊതുകുളം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച് നടപ്പാക്കിയ പദ്ധതിയിൽ 9.20 മീറ്റർ നീളവും 7.20മീറ്റർ വീതിയു മുള്ള ജലസേചനത്തിനായി നിർമ്മിച്ച കരിക്കാട് കുളം സംരക്ഷിക്കുന്നതിനായി നെറ്റിടൽ, പമ്പ് ഹൗസ് ഷട്ടർ മാറ്റിസ്ഥാപി ക്കൽ, പമ്പ് ഹൗസ് നിലം ടൈലിടൽ പ്രവൃത്തികൾക്കായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. ടെണ്ടർ ചെയ്ത പ്രവൃത്തി എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.01 % കുറവ് ക്വാട്ട്ചെയ്ത ഷംസുദ്ദീൻ.കെ എന്നയാൾക്ക് അനുവദിക്കുകയും 15.2.22 ന് പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടുമുണ്ട്. പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ മൂന്ന് ആയി ഇരുമ്പ് നെറ്റ് സ്ഥാപിക്കൽ പ്രവൃത്തികൾക്ക് മാത്രമായി 1731.59 കിലോയ്ക്ക് 155.13 നിരക്കിൽ 268621.56 രൂപ പദ്ധതിയിൽ ചെലവഴിച്ചിട്ടുണ്ട്.ആകെ 55.39 സ്ക്വയർ മീറ്ററിലാണ് നെറ്റിടൽ പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് . ഓഡിറ്റ് വർഷം തന്നെ കാരക്കുറ്റി ഗ്രൗണ്ടിന് നെറ്റിടൽ പ്രവൃത്തിയിൽ (പ്രോജക്റ്റ് നം-160/22) G.I.chain Link Fabric Fencing ഇനം ചെയ്യുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചിരിക്കുന്നത് സ്ക്വയർമീറ്ററിന് 736.16 രൂപ നിരക്കിലാണ്. ഇതിൽ നിന്നും G.I.chain Link Fabric Fencing ഉപയോഗിച്ച് കിണറിന് വലനിർമ്മിച്ചിരുന്നു എങ്കിൽ 40775.90 (55.39X736.16) രൂപയ്ക്ക് പ്രവൃത്തി നിർവ്വഹിക്കാൻ കഴിയുമായിരുന്നു. കൂടാതെ എസ്റ്റിമേറ്റിലെ ഐറ്റം നമ്പർ 6 ആയി പമ്പ് ഹൗസ് നിലം ടൈൽ വിരിക്കുന്നതിനായി 2455/- രൂപ ചെലവഴിച്ചിട്ടുണ്ട്. 2-3-23 ന് നടത്തിയ സ്ഥലപരിശോധനയിൽ ജലസേചന ആവശ്യങ്ങൾക്കായുള്ള കുളമാണെങ്കിലും കുടിവെള്ള ആവശ്യങ്ങൾക്കായും വെള്ളം ഉപയോഗിച്ചു വരുന്നതായാണ് കാണാൻ കഴിഞ്ഞത്. കുളത്തിൽ നിന്നും ഒരു സബ്മേഴ്സിബിൾ മോട്ടോർ ഉപയോഗിച്ച് പമ്പിങ്ങ് നടത്തിവരുന്നുണ്ട്. പമ്പ് ഹൗസിൽ

മറ്റൊരുമോട്ടോർ ഉപയോഗിക്കാതെ കിടക്കുന്നതായും കാണാൻ കഴിഞ്ഞു. ആയത് പ്രവർത്തനക്ഷമമാണെങ്കിൽ മറ്റ് പദ്ധതികൾക്കായി ഉപയോഗപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം ലേലംചെയ്ത് കൈയ്യൊഴിയേണ്ടതുമാണ്. ജല സംരക്ഷണത്തിനായാണ് പദ്ധതി നടപ്പാക്കിയതെങ്കിലും വൻതുക ചെലവഴിച്ച് നെറ്റ് സ്ഥാപിച്ചതിന്റയും,പമ്പ് ഹൗസ് നിലം ടൈൽ വിരിച്ചതിന്റെയും ആവശ്യകത വ്യക്തമാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ - തുക ചെലവഴിച്ച് ഒരു വർഷത്തോളമായിട്ടും മരുന്ന് ലഭ്യമായില്ല

അടങ്കൽ :-300000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് :- 100000+ (ബിൽ നം.1/21-22/13.07.21 )

200000 (ബിൽ നം.3/21-22/22.11.21 )

300000

മേൽ ബില്ലുകൾ മുഖാന്തിരം ഹോമിയോ ആശുപത്രിയിലേയ്ക്ക് ആവശ്യമായ മരുന്നുകൾ വാങ്ങാനായി തുക ഹോമിയോ മെഡിക്കൽ ഓഫീസർ കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. ഹോംകോയ്ക്ക് തുക നൽകി ഒന്നര വർഷത്തോളമായിട്ടും ഇനിയും 50057/- രൂപയുടെ മരുന്ന് ലഭ്യമായിട്ടില്ല.

പ്രസ്തുത മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (05/28-02-23) മറുപടി നൽകിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.

1-19 ഓപ്പൺ ജിം സ്ഥാപിച്ചതിന്റെ- അനുമതി പത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 96/22 (ജീവിത ശൈലീ രോഗ നിയന്ത്രണം) |
| പദ്ധതി അടങ്കൽ | 150000/- (തനതു ഫണ്ട്) |
| ചെലവ് | 150000/- |
| ബിൽ സാങ്ഷൻ നമ്പർ | 331/26.3.2022 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |

മേൽ പ്രോജക്ട് പ്രകാരം പദ്ധതി ആവിഷ്കരിച്ച് പഞ്ചായത്ത് പ്രദേശത്ത് ജീവിത ശൈലീ രോഗ നിയന്ത്രണങ്ങൾക്കായി ഒരു ഓപ്പൺ ജിം പി.എച്ച്.സി. യിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ജിം

ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിർവ്വഹിച്ചത് നിർമ്മിതി കേന്ദ്രയാണ്. സ.ഉ.(പി)77/2019/ഫിൻ. തിയ്യതി 4.7.2019 പ്രകാരം സിവിൽ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി നിർമ്മിതി കേന്ദ്രയെ സർക്കാർ അംഗീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ഉത്തരവിൽ ജിംനാഷ്യം ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതിന് സ്ഥാപനത്തിന് അനുമതി നൽകിയിട്ടില്ല. നിർമ്മിതികേന്ദ്രയെ ജിംനേഷ്യം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി ഏൽപിച്ചുകൊണ്ടുള്ള ഉത്തരവുകൾ നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 1.3.2023 ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അനുമതി പത്രം ലഭ്യമാക്കുന്നതുവരെ 150000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-20 വിവിധ പദ്ധതികൾക്ക് മോട്ടോർ വാങ്ങൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പദ്ധതികളുടെ മോട്ടോർ സ്ഥാപിച്ചതിന് താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക വകയിരുത്തി പദ്ധതി രൂപീകരിക്കുകയുണ്ടായി. പ്രൊജക്ട് പ്രകാരം റെയിഡ്കോയിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാക്കി മോട്ടോറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി മോട്ടോറുകൾ ഇൻസ്റ്റാൾ ചെയ്യുകയാണ് ചെയ്തത്. പദ്ധതികൾക്ക് വേണ്ടി മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങിയതിന് അവർ സമർപ്പിച്ച കാഷ് ഇൻവോയ്സ് പ്രകാരം തുക നൽകി പദ്ധതി പൂർത്തീകരിക്കുകയാണ് ചെയ്തത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക/ബിൽ സാങ്ഷൻ നം | ചെലവിന്റെ വിശദാംശം |
|---|---|---|---|
| 1 | 158/22 മുഉപ്പറമ്പ് അങ്കണവാടി കുഴൽകിണർ മോട്ടോർ സ്ഥാപിക്കൽ(സ്പിൽ ഓവർ) | 44045 (സി.എഫ്.സി ഗ്രാന്റ്) 309/23-3-22 | CRI4F-1F 1 HP 16 ST BOREWELL SUB പമ്പ് സെറ്റ് 1 -22900<br>HD PIPE 6KG 1 1/4" SPINNER 75 Mtrs-7080<br>2.5 SQ.MM 3 CORE SUB.CABLE -10620<br>മറ്റ് അനുബന്ധ |

| | | | |
|---|---|---|---|
| | | | സാധനങ്ങൾക്കുള്ള ചെലവുകൾ - 3445 ആകെ- 44045 |
| 2 | 119/22 തടായിൽകുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ | 50000 (സി.എഫ്.സി ഗ്രാന്റ്) 310/23-3-22, 46435 (തനത് ഫണ്ട) 311/23-3-22 ആകെ-96435 | വാർഡ്-6 KDT 2095 KIRLOSKAR 20 HP TP 65X65 MON0BLOC - 96435 |
| | ആകെ | 140480 | |

പദ്ധതികളുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1) മോട്ടോർ പൊതുവിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

2) ആധികാരികതയില്ലാത്തതും വിശദവിവരങ്ങൾ ഉൾക്കൊള്ളാത്തതുമായ നിരക്കുകളാണ് കെയ്കോ ബില്ലിൽ കാണിച്ചിരിക്കുന്നത്. ഇത്തരം പാഴ്ചെലവുകൾക്ക് ഇടയാക്കിയത് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ട് കെയ്കോയിൽ നിന്നും വാങ്ങിയതു കൊണ്ടാണ്. മേൽ പ്രൊജക്ടുകൾ പ്രകാരം സാധനങ്ങൾ വാങ്ങുമ്പോൾ സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ധനവിനിയോഗ മാർഗരേഖ ഖണ്ഡിക 2.7 പ്രകാരമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

3) മേൽ പ്രവൃത്തികൾക്ക് മെക്കാനിക്കൽ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഓരോയിനത്തിനും റെയിഡ്കോ ആവശ്യപ്പെട്ട തുക നൽകുക മാത്രമാണ് ചെയ്തത്.

4) ക്രമ നം.1 പ്രോജക്ടിന്റെ ഫയലിൽ ലഭ്യമായ അങ്കണവാടി വർക്കറുടെ കത്ത് പ്രകാരം കുഴൽ കിണറിന് ഫിറ്റ് ചെയ്ത മോട്ടോറിൽ നിന്നും ടാങ്കിലേക്ക് വെള്ളം അടിക്കുന്നതിനുള്ള പ്ലംബിംഗ് നടത്തിത്തരുവാൻ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ അയലക്കാട് കുടിവെള്ള പദ്ധതിയിൽ നിന്നുമുള്ള വെള്ളമാണ് ടാങ്കിലടിച്ച് ഉപയോഗിക്കുന്നതെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ വിശദീകരിച്ചിട്ടുണ്ട്. പ്രസ്തുത കുടിവെള്ള പദ്ധതിയുടെ മെയിന്റനൻസ് പ്രവൃത്തികൾ നടക്കുന്നതിനാൽ 4 ദിവസമായി വെള്ളം

കുഴൽകിണറിൽ നിന്നും മോട്ടോർ വഴി ബക്കറ്റുകളിൽ ശേഖരിച്ച് വയ്ക്കുകയാണ് ചെയ്യുന്നതെന്ന് വർക്കർ അറിയിച്ചിട്ടുള്ളതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ പറഞ്ഞു. മോട്ടോർ ഫിറ്റ് ചെയ്തിട്ടും പ്ലംബിംഗ് നടത്തി വെള്ളം ടാങ്കിലേക്കെത്തിക്കുന്നതിന് നടപടികൾ ഇതുവരെയും സ്വീകരിച്ചിട്ടില്ല.

അപാകതകൾക്ക് മറുപടി നൽകേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറിയിലൂടെ (13/28-02-23) ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റെയിഡ്കോയ്ക്ക് അധിക തുക നൽകാൻ ഇടയായിട്ടുണ്ടെങ്കിൽ മേൽ സ്ഥാപനത്തിൽനിന്നും തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. മുതുപ്പറമ്പ് അങ്കണവാടിയിൽ പ്ലംബിംഗ് നടത്തി വെള്ളം ടാങ്കിലേക്കെത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-21 വാതിൽപ്പടി സേവനം - വരവ് ചെലവ് രേഖകൾ ലഭ്യമാക്കിയില്ല.

പ്രായാധിക്യം, ഗുരുതരരോഗം, അതിദാരിദ്ര്യം തുടങ്ങിയ വിവിധ കാരണങ്ങളാൽ അവശത അനുഭവിക്കുന്നവർക്കും അറിവില്ലായ്മയാലും മറ്റു പ്രശ്നങ്ങളാലും അടിസ്ഥാന സർക്കാർ സേവനങ്ങൾ യഥാസമയം ലഭ്യമാകാതിരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങൾക്കും വീട്ടുപടിക്കൽ സർക്കാർ സേവനങ്ങളും ജീവൻരക്ഷാ മരുന്നുകളും എത്തിക്കുവാൻ ലക്ഷ്യമിടുന്ന വാതിൽപ്പടി സേവനപദ്ധതിയുടെ നിർവഹണത്തിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ 31.05.2021ലെ സ.ഉ.(സാധാ) നം.1066/2021 /ത.സ്വ.ഭ.വ പ്രകാരവും അധികമാർഗ്ഗനിർദ്ദേശങ്ങൾ 24.08.2021ലെ സ.ഉ.(സാധാ) നം.1607/2021 /ത.സ്വ.ഭ.വ പ്രകാരവും പുറപ്പെടുവിച്ചിരുന്നു.

മേൽ ഉത്തരവ് പ്രകാരം വാതിൽപ്പടി സേവനപദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപന പ്രസിഡന്റ്/ചെയർപേഴ്സൺ/ കമ്മിറ്റി കോർഡിനേറ്ററുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. വ്യക്തികളിൽ നിന്നുള്ള സംഭാവന, സി.എസ്.ആർ, സ്പോൺസർഷിപ്പ് എന്നിവയിലൂടെ ധനം സ്വരൂപിക്കുന്നതിന് ഉത്തരവിൽ നിർദ്ദേശിച്ച രസീത് മാതൃക ഉപയോഗപ്പെടുത്തി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് രസീത് അച്ചടിക്കേണ്ടതുമാണ്.

ഫയൽ പ്രകാരം ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ 7-10-21 -ലെ ജി.എൽ.എം/ഡി/281/2021 നം കത്ത് മുഖേന രസീതി ബുക്കിന്റെ കോപ്പി ഉള്ളടക്കം ചെയ്ത് ആയത് എത്രയെണ്ണം ആവശ്യമാണെന്ന വിവരം അറിയിക്കാൻ താത്പര്യപ്പെട്ടിട്ടുണ്ട്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും രസീതി ബുക്കുകൾ വാങ്ങി വാതിൽപ്പടി സേവനത്തിനായുള്ള വരവ് സ്വരൂപിക്കുന്നതിന് ഉപയോഗിച്ചിട്ടുണ്ടെന്നാണ് അക്കൗണ്ടന്റ് അറിയിച്ചത്. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ രസീത് ബുക്ക് , വാങ്ങുന്നതിനായി ചെലവഴിച്ച തുകയുടെ വൗച്ചർ, രസീതിയുടെ സ്റ്റോക്ക് , വാതിൽപ്പടി സേവനത്തിനായി ലഭിച്ച കളക്ഷൻ എന്നിവയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാതിൽപ്പടി സേവനത്തിനായി 5-11-2021ന്

കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കമ്മറ്റി കോ-ഓർഡിനേറ്ററായ ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവരുടെ പേരിൽ ഒരു സംയുക്ത അക്കൗണ്ട് (നം. 40172101080261, കേരള ഗ്രാമീൺ ബാങ്ക്, കൊടിയത്തൂർ ശാഖ) ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിലേക്ക് 23-5-22 മുതൽ 14-12-22 വരെയായി പലിശയുൾപ്പെടെ 39035 രൂപ വരവും 1245 രൂപ ചെലവും വന്നിട്ടുണ്ട്. അക്കൗണ്ടിൽ 14-12-22ന് 37,808/- രൂപ നീക്കിയിരിപ്പുണ്ട്.

മേൽ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനം പ്രത്യേക പ്രോജക്ട് വച്ച് വേണം വാതിൽപ്പടി സേവനം നടപ്പിലാക്കേണ്ടത്. ഇതിനാവശ്യമായ ലാപ്ടോപ്പ്, ബയോമെടിക്ക് ഉപകരണങ്ങൾ, യാത്ര/ഇന്ധനം, മെഡിസിൻ എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്തുകളിൽ 1 ലക്ഷം രൂപ വകയിരുത്താം. ഇതിനു പുറമെ സി.എസ്.ആർ, സംഭാവന, സ്പോൺസർഷിപ്പ്, തുടങ്ങിയവയിലൂടെ ലഭിക്കുന്നതുക കൂടി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

2021-22 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 206/22 പ്രോജക്ടു മുഖേന ഒരു ലക്ഷം രൂപ തനതു ഫണ്ട് വാതിൽപടി സേവനത്തിനായി വകയിരുത്തിയിട്ടുണ്ടെങ്കിലും തൻ വർഷം ചെലവൊന്നും നടത്തിയിട്ടില്ല. 22-23ൽ 27/23 എന്ന പേരിൽ സ്പിൽ ഓവറായി ഈ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയ്യതിവരെ ചെലവൊന്നും വന്നിട്ടില്ല. ബാങ്ക് അക്കൗണ്ട് പ്രകാരം 15-10-22ന് 1200 രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. വാതിൽപ്പടി സേവനം ആവശ്യമായ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം അവർക്കാവശ്യമുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന രീതിയിൽ പ്രോജക്ട് വച്ച് പദ്ധതി നടപ്പിലാക്കിയതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (21/2-3-23) മറുപടി നൽകിയിട്ടില്ല. വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

1-22 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജനറൽ പദ്ധതികൾ നടപ്പാക്കി

സ.ഉ.(കൈ)നം.11/2018/തസ്വഭവ. തിയ്യതി 29.01.2018 നമ്പർ പതിമൂന്നാം പഞ്ചവത്സര പദ്ധതി മർഗ്ഗരേഖയിലെ ഖണ്ഡിക 6.3 ൽ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളെ കുറിച്ച് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾ വികസന ഫണ്ട് (ജനറൽ) വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ നടപ്പാക്കുകയുണ്ടായി. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതി അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 6/22 (വാഴകൃഷി പ്രോത്സാഹനം) | കൃഷി ഓഫീസർ | 433340 | 433335 |
| 2 | 25/22) പച്ചക്കറി കൃഷി കൂലി ചെലവ്) | കൃഷി ഓഫീസർ | 55000 | 55000 |
| 3 | 48/22 (ഫലവൃക്ഷത്തൈ വിതരണം) | കൃഷി ഓഫീസർ | 320000 | 320000 |
| 4 | 52/22 (പച്ചക്കറി കൃഷി പ്രോത്സാഹനം) | കൃഷി ഓഫീസർ | 404950 | 404800 |
| 5 | 53/22 (ഇടവിള കിറ്റ് വിതരണം) | കൃഷി ഓഫീസർ | 450000 | 450000 |
| 6 | 54/22 (മുട്ടഗ്രാമം പദ്ധതി) | വെറ്ററിനറി സർജൻ | 750000 | 726000 |

മേൽ ഉത്തരവു പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.3(10) (iii) അനുസരിച്ച് വനിതകൾക്കും പുരുഷൻമാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതായത് ഉത്പാദനാധിഷ്ഠിതവും സേവനാധിഷ്ഠിതവുമായ നൂതന സംരംഭങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ നടപ്പാക്കൽ, സ്ത്രീകളുടെ തൊഴിൽ - വരുമാന വർദ്ധനവിനായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ സ്വയം തൊഴിൽ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ ആരംഭിക്കൽ, ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്കൂളുകളിലെ പെൺകുട്ടികളുടെ സൗകര്യാർത്ഥം നാപ്കിൻ വെന്റിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്ന പ്രോജക്ടുകൾ വനിതകൾക്ക് പ്രതിരോധ പരിശീലനം നൽകുന്നതിനും യോഗ പരിശീലനം നൽകുന്നതിനുമുള്ള പ്രോജക്ടുകൾ മുതലായവയാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാവുന്നത്.

പദ്ധതി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വനിതാ ഘടകപദ്ധതിയിൽ തുക വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-23 ഹരിതകർമ്മസേന - അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

കേരള പഞ്ചായത്ത് രാജ് നിയമം 166 (1 ) ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരൻമാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരൻമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേന യുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/ തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ 16 വാർഡുകളിലായി 33 ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി നിലവിൽ ഉണ്ട്. ഒരു താൽക്കാലിക കെട്ടിടത്തിലാണ് എം.സി.എഫ്. പ്രവർത്തിക്കുന്നത്. നിലവിൽ സേനാംഗങ്ങൾക്ക് വെയിലും മഴയുമേറ്റ് മാത്രമേ പ്രസ്തുത കെട്ടിടത്തിലിരുന്ന് മാലിന്യങ്ങൾ വേർതിരിക്കാൻ സാധിക്കുകയുള്ളൂ. മിനി എം.സി.എഫ്. കൾ 10 എണ്ണമാണ് സ്ഥാപിച്ചത്.

27.2.2021 ലെ 2(1) നമ്പർ പഞ്ചായത്ത് തീരുമാനം പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട്

ബൈലോ ഭരണസമിതി അംഗീകരിക്കുകയും 22.7.2022 ന് പഞ്ചായത്ത് ഡയറക്ടറുടെ PAN/247/ 2022-(C5 DP) നമ്പർ ഉത്തരവു പ്രകാരം പ്രസ്തുത ബൈലോയ്ക്ക് അംഗീകാരവും ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബൈലോയിലെ ഖണ്ഡിക 6-4 അനുസരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് ഹരിതകർമ്മ സേനയുമായി കരാർ വെക്കേണ്ടതാണ്. ഖണ്ഡിക 6-(6) പ്രകാരം പ്ലാസ്റ്റിക് വസ്തുക്കളുടെ ശേഖരണം, മെറ്റീരിയൽ റിക്കവറി സെന്ററിലെ പ്രവർത്തനങ്ങൾ, യൂസർഫീ സമാഹരിക്കൽ, എന്നിവ മാത്രമായോ പുന:ചംക്രമണം/ സംസ്കരണ പ്രക്രിയ (Recycling/ Processing) കയ്യൊഴിയൽ എന്നിവ ഉൾപ്പെടെയോ ഏതെങ്കിലും പ്രവർത്തനം മാത്രമായോ ആയത് ഭാഗികമായോ ഏൽപിക്കാവുന്നതാണ്. ഖണ്ഡിക 13 അനുസരിച്ച് വേർതിരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് ഒരു വാർഡിനോ ഒന്നിലധികം വാർഡുകൾക്കായോ സംഭരണ കേന്ദ്രങ്ങൾ ആവശ്യമുള്ളിടത്തോളം ഏർപ്പെടുത്തേണ്ടതും ഓരോ സംഭരണ കേന്ദ്രത്തിൽ നിന്നും ഏതെല്ലാം ദിവസങ്ങളിൽ ശേഖരിക്കണമെന്നും നിശ്ചയിക്കേണ്ടതാണ്. ആയതിന് ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. കൾ സ്ഥാപിക്കാനുള്ള നടപടികൾ എത്രയും വേഗത്തിൽസ്വീകരിക്കേണ്ടതാണ്. കൂടാതെ മാലിന്യങ്ങൾ എം. സി.എഫ്-ൽ എത്തിക്കുന്നതിന് പഞ്ചായത്ത് വാടകക്ക് വാഹനം ഏർപ്പാടാക്കി നൽകുകയാണ് ചെയ്യുന്നത്. ആയതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പാടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൺസോർഷ്യത്തിന്റെ പ്രസിഡണ്ട് ഹാജരാക്കിയ വരവു ചെലവു കണക്കുകൾ പരിശോധിച്ചതിൽ ഓരോ വാർഡിലേയും സേനാംഗങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സമാഹരിച്ച യഥാക്രമം 50/-രൂപ, 100/- രൂപ നിരക്കിലുള്ള യൂസർ ഫീ ഈടാക്കി കൊടിയത്തൂർ ശാഖയിലുള്ള ഗ്രാമീൺബാങ്കിന്റെ 40172101059562 നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ നിന്നും സേനാംഗങ്ങൾക്കുള്ള വേതനം നൽകിയ ശേഷമുള്ള 33191.62/- രൂപ മാത്രമാണ് 27.2.2023 ൽ നീക്കിയിരിപ്പുള്ളത്.

മറ്റു വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് ഹരിതകർമ്മ സേനാംഗങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഉണ്ടാവേണ്ടതാണ്. ഇതിനായി പ്രദേശത്തെ ആഘോഷങ്ങൾ, ഉത്സവങ്ങൾ, മറ്റു പരിപാടികൾ തുടങ്ങിയവ ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടത്തുന്നതിലൂടെയും ഹരിത ഉപകരണങ്ങളായ ബയോ കമ്പോസ്റ്റ്, കിച്ചൺ ബിൻ തുടങ്ങിയവയുടെ വിൽപന, സർവീസ് എന്നിവ നടത്തിയും വരുമാനം ആർജ്ജിക്കുന്നതിനുള്ള പരിശീലനങ്ങളും മറ്റും നൽകുന്നതിനുള്ള നടപടികൾ ശുചിത്വ മിഷൻ മുഖേന സ്വീകരിക്കേണ്ടതാണ്.

2021-22 വർഷം ഹരിതകർമ്മ സേനയുടെ പ്രവർത്തനത്തിന് താഴെ പറയും പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും പദ്ധതിക്ക് തുക ചെലവഴിച്ചു.

| പ്രോജക്റ്റ് നം./ പേര് | നിർവ്വഹണം | തുക | ആവശ്യം |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 122/22 (സീറോ വേസ്റ്റ് മാനേജ്മെന്റ്) (VGF) | VEO | 203520 | ഹരിതകർമ്മ സേനക്ക് വി.ജി.എഫ്. നൽകിയത് |
| 226/22 (VGF) | VEO | 96598 | ഹരിതകർമ്മ സേനക്ക് വി.ജി.എഫ്. നൽകിയത് |
| 212/22 (സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം) | സെക്രട്ടറി | 185873 | 8085 കെട്ടിടങ്ങളിൽ QR കോഡ് പതിച്ച് പൂർത്തിയാക്കി. |
| 118/22 (ഹരിത സഹായ സ്ഥാപനത്തിന് തുക നൽകൽ) | സെക്രട്ടറി | 61059 | റിജക്ട്സ് കയ്യൊഴിക്കുന്നതിന് നിറവ് എന്ന സ്ഥാപനത്തിന് തുക നൽകിയത്. |

ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിൽ പഞ്ചായത്തിനുള്ള ചുമതലകൾ താഴെ കൊടുക്കുന്നു.

1. സേനയുടെ സാമ്പത്തിക വളർച്ചക്ക് ഉതകുന്ന സംരംഭ സാധ്യതകൾ, പ്രവർത്തനങ്ങൾ എന്നിവ കണ്ടെത്തി നൽകൽ
2. സേനയുടെ പ്രവർത്തന മേഖലയിൽ വരുന്ന തടസ്സങ്ങൾ പരിഹരിക്കുക, സേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ഉതകുന്ന നിയമപരമായ ഇടപെടലുകൾ നടത്തുക
3. വാണിജ്യസ്ഥാപനങ്ങൾ, മറ്റു പൊതുപരിപാടികൾ എന്നിവയിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ഉറപ്പു വരുത്തുക വിധത്തിൽ നടപടികൾ സ്വീകരിക്കൽ
4. സേനക്കാവശ്യമായ സ്ഥലസൗകര്യങ്ങൾ, യന്ത്രസംവിധാനങ്ങൾ എന്നിവ ലഭ്യമാക്കി നൽകൽ
5. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങളും നടപടികളും സ്വീകരിക്കൽ
6. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കലും പിഴ ചുമത്തലും
7. സേനാംഗങ്ങൾക്ക് വാഹനങ്ങൾ, അനുബന്ധ ഉപകരണങ്ങൾ, ശുചിത്വ ഉപാധികൾ എന്നിവ ലഭ്യമാക്കൽ തുടങ്ങിയവ പഞ്ചായത്തിന്റെ ചുമതലകളാണ്.

ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി തൊഴിൽ അവസരങ്ങൾ

പ്രയോജനപ്പെടുത്താനും അതിലൂടെ വരുമാനം കണ്ടെത്തി സേനയെ തൊഴിൽസംരംഭകരായി ഉയർത്താനുമുള്ള നടപടികൾ സ്വീകരിച്ച് മേൽ പറഞ്ഞ പ്രകാരം പദ്ധതികൾ രൂപീകരിച്ച് ഭാവിയിൽ പഞ്ചായത്തിന് ചെലവുകൾ വരുത്താതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ എം.സി.എഫ്. ന് ഒരു സ്ഥിരം കെട്ടിടം നിർമ്മിച്ച് സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി കൊടുക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

1-24 ടോയ് ലറ്റ് നിർമ്മാണം പദ്ധതികൾ തയ്യാറാക്കിയത് ആവശ്യകത അനുസരിച്ചല്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ സ്ഥാപനങ്ങളിൽ ടോയ്‌ലറ്റ് നിർമ്മാണത്തിനായി താഴെപറയും പ്രകാരം പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 197/22 കാരക്കുറ്റി ജി.എൽ.പി.എസ് ടോയ്‌ലറ്റ് നിർമ്മാണം | 620000 | 526448 |
| 175/22 സ്കൂളിൽ സാനിറ്റേഷൻ (സ്പിൽ ഓവർ) | 500000 | 496853 |
| 202/22 കഴുത്തുട്ടിപ്പുറായ് ജി.എൽ.പി.എസ് ടോയ്‌ലറ്റ് നിർമ്മാണം | 385496 | 149450 |
| 159/22 കമ്മ്യൂണിറ്റി ടോയ്‌ലറ്റുകളുടെ നിർമ്മാണം (സ്പിൽ ഓവർ) | 232818 | 182986 |

പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ പദ്ധതികളെല്ലാം തന്നെ എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് നടപ്പിലാക്കി യിരിക്കുന്നത്. കാരക്കുറ്റി ജി.എൽ.പി.എസ് ടോയ്‌ലറ്റ് നിർമ്മാണ പ്രോജക്ടിൽ 4 വാട്ടർ ക്ലോസറ്റ് (ഇന്ത്യൻ ടൈപ്പ്) നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയിൽ രണ്ടെണ്ണം ഒഴിവാക്കി ഒരു യൂറോപ്യൻ ക്ലോസറ്റും മൂന്ന് യൂറിനലും സ്ഥാപിക്കലാക്കി മാറ്റിയാണ് പദ്ധതി നിർവ്വഹിച്ചത്. സ്കൂളുകളിൽ സാനിറ്റേഷൻ പദ്ധതിയിൽ പന്നിക്കോട് എ.യു.പി. സ്കൂൾ, തോട്ടുമുക്കം .ജി.എൽ.പി.സ്കൂൾ എന്നിവയിൽ രണ്ട് വീതം ടോയ് ലറ്റുകൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ

പദ്ധതിയിൽ വാൾ ടൈലിംഗ് ഉയരം വർദ്ധിപ്പിക്കുന്നതിനും മറ്റ് ചിലമാറ്റങ്ങളും പന്നിക്കോട് എ.യൂപി സ്കൂളിൽ സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം ഉൾപ്പെടുത്തിയും എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പദ്ധതി നടപ്പാക്കിയത്. 28-02-23 സ്ഥലപരിശോധനയുടെ ഭാഗമായി പന്നിക്കോട് എ.യൂപി സ്കൂൾ സന്ദർശിച്ചതിൽ പഞ്ചായത്ത് നിർമ്മിച്ച നൽകിയ ടോയ്ലറ്റുകളിൽ ഒന്നിൽ സ്കൂൾ അധികൃതർ ഭിന്നശേഷിക്കാരുടെ ഉപയോഗത്തിനായി ഒരു യൂറോപ്യൻ ക്ലോസറ്റ് കൂടെ നിർമ്മിച്ചതായാണ് കാണാൻ കഴിഞ്ഞത്. കഴുത്തുട്ടിപ്പുറായ് ജി.എൽ.പി.എസ് ടോയ്ലറ്റ് നിർമ്മാണ പദ്ധതിയിൽ ആദ്യ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ചില പ്രവൃത്തികൾ ആവശ്യമായതിനാൽ റിവൈസ് എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പദ്ധതി നടപ്പാക്കിയത്. കമ്മ്യൂണിറ്റി ടോയ്ലറ്റുകളുടെ നിർമ്മാണത്തിനായി തയ്യാറാക്കിയ പദ്ധതിയിൽ കൃഷിഭവൻ, ആയുർവേദ ആശുപത്രി എന്നിവയിൽ ഓരോ യൂണിറ്റ് വീതവും ഹോമിയോ ആശുപത്രിയിൽ രണ്ട് യൂണിറ്റ് വീതവും ടോയ്ലറ്റുകളുടെ നിർമ്മാണമാണ് ലക്ഷ്യമിട്ടത് എന്നാൽ നിർവ്വഹണ സമയത്ത് കൃഷിഭവനിലും, ആയുർവേദ ആശുപത്രിയിലും സ്ഥലസൗകര്യമില്ലാത്തതിനാലും ഹോമിയോ ആശുപത്രിക്ക് കൂടുതൽ ആവശ്യങ്ങൾ ഉള്ളതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്താണ് പദ്ധതി നടപ്പിലാക്കിയത്. ഇതിൽ നിന്നും ടോയ്ലറ്റ് നിർമ്മാണത്തിനായി തയ്യാറാക്കിയ മേൽ പദ്ധതികളെല്ലാം തന്നെ യഥാർത്ഥ ആവശ്യങ്ങളുടെ അടിസ്ഥാനത്തിലല്ല തയ്യാറാക്കിയത് എന്ന് വ്യക്തമാവുന്നു. ഇക്കാരണത്താൽ തന്നെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെവരുന്നതിനും വകയിരുത്തിയ തുകയുടെ യഥാർത്ഥ ഗുണഫലം സമയബന്ധിതമായി ലഭിക്കാതെ പോവുന്നതിനുമിടയാക്കുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-25 എംബുക്കുകളുടെ സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിക്കുന്നില്ല

ഓഡിറ്റ് വർഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 30-7-2021 ലെ ഇൻവോയ്സ് നം- PGT/GSTIN/446/2021-22 പ്രകാരം 50 പേജുകളുള്ള 50 മെഷർമെന്റ് ബുക്കുകളും, 25 പേജുകളുള്ള 500 പുസ്തകങ്ങളും പഞ്ചായത്ത് വാങ്ങിച്ചിട്ടുണ്ട്. എന്നാൽ എം-ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മേൽ പുസ്തകങ്ങളുടെ സ്റ്റോക്ക് എൻട്രി വരുത്തിയതായി കാണിന്നില്ല. രജിസ്റ്റർ പ്രകാരം 7-10-20 മുതൽ എ.ഇ -എൽ.എസ്.ജി.ഡി, എ.ഇ-എൻ.ആർ. ഇ.ജി.എസ് എന്നിവർ എം-ബുക്കുകൾ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത് പുസ്തകങ്ങളാണെന്നോ എന്നാണ് കൈപ്പറ്റിയിട്ടുള്ളത് എന്നീ വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികളുടെ നിർവ്വഹണത്തിന് തൻവർഷം 218.58 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവ് പുസ്കങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും വിതരണം ചെയ്ത അളവുപുസ്കങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകത യാണ്. അളവ് പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെട്ടു ത്താത്തതിനാൽ

എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ ലഭ്യമായ പുസ്തക ങ്ങളുടെ വരവ്, ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. പേര് രേഖപ്പെടുത്താ ത്തതിനാൽ അളവ് പുസ്തകങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഉപയോഗിച്ചത് എന്നും വ്യക്തമല്ല. സെക്രട്ടറിയിൽ നിന്നും എൻജിനീയറിംഗ് വിഭാഗം ,എൻ ആർ ഇ ജി എസ് പദ്ധതി ആവശ്യങ്ങൾ എന്നിവയ്ക്ക് അളവു പുസ്തകങ്ങൾ ലഭിക്കുമ്പോൾ സ്റ്റോക്കിലെടുക്കേണ്ടതും പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തി ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നം./ തിയ്യതി |
|---|---|---|
| 2021-22 | ഓഡിറ്റ് കാലയളവ് | ഇതേ നമ്പർ സർട്ടിഫിക്കറ്റ് |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1725000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 1725000 |
| | 2021-22 | 170000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 170000 |
| | 2021-22 | 700000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 |
| | 2021-22 | 400000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 400000 |
| | 2021-22 | 175000 | നെൽകൃഷി കൂലിചെലവ് | 175000 |
| | 2021-22 | 25000 | പച്ചക്കറികൃഷി കൂലിചെലവ് | 25000 |
| | 2021-22 | 700000 | ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 700000 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 700000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 700000 |
| | 2021-22 | 375000 | മുട്ടഗ്രാമം പദ്ധതി | 375000 |
| | 2021-22 | 210000 | നെൽകൃഷി കൂലിചെലവ് | 210000 |
| | 2021-22 | 94683 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 94683 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | ചുള്ളിക്കാപറമ്പ് ജി.എൽ.പി.സ്കൂൾ കുഴൽ കിണർ നിർമ്മാണം | 195/10.2.2022 | 37015 | 0 | 37015 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്.ഭവന പദ്ധതി | 207/2009/ 7.11.2009 | 0 | 16,81,508 | 16,81,508 | 173566 | 0 |
| ലൈഫ് ഭവന പദ്ധതി KURDFC | 511/2018/ 02.01.19 | 0 | 9693333 | 1173333 | 0 | 8520000 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 0 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ (ഷെയർ) | | | 500 | |
| ആകെ | | | | 500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 903/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 49 | 240 | മാനുക്കുട്ടൻ, മുൻ സെക്രട്ടറി | 121010100869 തിയ്യതി 24.9.21 |
| 2009-2010 | 2-1 | 441 | സെക്രട്ടറി | 121010101655 തിയ്യതി 26.11.2021 |

| | | | | |
|---|---|---|---|---|
| 2010-2011 | 2-3 | 222 | മുഹമ്മദ് | 121010102020 തിയ്യതി 21.12.2021 |
| ആകെ | | 903 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | | 2001-02 | 11.2 | മണൽ ലേല തുക ഇളവുചെയ്യൽ | പഞ്ചായത്തിന്റെ തുടർനടപടി റിപ്പോർട്ട് അയയ്ക്കാത്ത പക്ഷം പഞ്ചായത്ത് സമിതി അംഗങ്ങളിൽ നിന്നും തുക ഈടാക്കി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചു |
| 1999-2000 | 37 | 2003-04 (പൊതു പരാമർശം) | 11.13.5.8 | മൈത്രി ഭവനപദ്ധതി | |

| | | | | | |
|---|---|---|---|---|---|
| 2000-01 | 25, 29 (A) | 2003-04 (പൊതു പരാമർശം) | 11.13.7.12 | നികുതി പിരിവിലെ അലംഭാവം | |
| 2002-03 | 2-8 | 2006-07 (പൊതു പരാമർശം) | 3.79.1.7 | നികുതി കാലഹരണം | |
| 2002-03 | 2-9 | 2006-07 (പൊതു പരാമർശം) | 3.79.5.2 | വാട്ടർചാർജ്ജ് | |
| 2002-03 | 3-5 | 2006-07 (പൊതു പരാമർശം) | 3.79.6.1 | മണൽ വിൽപന | |
| 2002-03 | 3-8 | 2006-07 (പൊതു പരാമർശം) | 3.79.17.1 | വീട് റിപ്പയർ പ്രവൃത്തി പൂർത്തിയാക്കിയില്ല | |
| 2002-03 | 3-2 | 2006-07 (പൊതു പരാമർശം) | ഇല്ല 3.79.19.10 | കരിക്കാട് റോഡ് അധിക നിരക്ക് | |
| 2002-03 | 3-4 | 2006-07 (പൊതു പരാമർശം) | 3.79.19.10 | കുളങ്ങര മുപ്പരിച്ചാൽ റോഡ് | |
| 2002-03 | 3-11 | 2006-07 (പൊതു പരാമർശം) | 3.79.19.10 | എസ്.സി. കോളനി റോഡ് അധിക നിരക്ക് | |
| 2014-15 | 2-2 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം5 | തൊഴിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | നികുതി<br>അപാകതകൾ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,01,41,313 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,26,62,791 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,75,856 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | (രൂപ) | ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 37,015 | ശ്രീ.ഹരിഹരൻ.കെ,<br>സെക്രട്ടറി |
| 1-17 | 3,38,784 | ശ്രീ. രാജേഷ്. എൻ,<br>അസിസ്റ്റന്റ് എഞ്ചിനിയർ |
| 1-18 | 50,057 | ഡോ. ഗീത,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-19 | 1,50,000 | ഡോ. ബിന്ദു,<br>മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| ആകെ | 5,75,856 | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഹരിഹരൻ.കെ,<br>സെക്രട്ടറി | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | ചിരാത്, തനോറപ്പൊയിൽ, വൃന്ദാവൻ കോളനിക്ക് സമീപം, ചേവായൂർ (പി.ഒ), കോഴിക്കോട് |
| ശ്രീ. രാജേഷ്. എൻ,<br>അസിസ്റ്റന്റ് എഞ്ചിനിയർ | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | എൻ.വി.എസ് നിവാസ്, എൻ.ഐ.ടി ക്യാമ്പസ് (പി.ഒ), കോഴിക്കോട് |
| ഡോ. ഗീത, | കൊടിയത്തൂർ | സമൃദ്ധി, പീപ്പിൾസ് റോഡ്, |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഗ്രാമപഞ്ചായത്ത് | വെസ്റ്റ്ഹിൽ, കോഴിക്കോട് |
| ഡോ. ബിന്ദു, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് | അശ്വതി, പെരുവയൽ (പി.ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകൾ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (1)/16.7.2019 | 2 | 27, 29 എ, 37 |
| 1999-2000 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (2)/16.7.2019 | 15 | 27, 28, 38, 40, 41, 42, 43, 45,46, 47, 48 (എ,ബി), 49, 55, 58,59 |
| 2000-01 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (1)/30.07.2020 | 4 | 25, 29(എ), 37 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (2)/30.07.2020 | 1 | 2-6 |

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (4)/30.07.2020 | 11 | 2-8, 2-9, 3-2, 3-3 (എ,ബി), 3-4, 3-5, 3-8, 3-9, 3-10, 3-11 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1391/2021/20.04.2022 | 1 | 3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (6)/30.07.2020 | 11 | 2-1, 2-2, 3-1, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (7)/30.07.2020 | 6 | 2-5, 3-1, 3-2, 3-4, 3-7, 3-8 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (8)/30.07.2020 | 13 | 2-2, 2-3, 3-4, 3-6, 3-9, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (9)/30.07.2020 | 7 | 3-1, 3-10, 3-20, 3-23, 3-24, 3-28, 3-32 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (10)/30.07.2020 | 13 | 2-5, 2-8, 2-9, 3-8, 3-10, 3-13 (3), 3-17, 3-19, 3-21, 3-22, 3-32, 3-33, 3-34, 4-3 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി./പി1/ | 7 | 2-1, 3-1(3), |

| | | | |
|---|---|---|---|
| | 530/2020 (11)/30.07.2020 | | 3-2, 3-3, 3-5, 3-6, 3-7 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (12)/30.07.2020 | 6 | 2-3, 3-1(1, 3, 4), 3-4, 3-5, 3-7, 3-9 |
| 2011-12, 2012-13 | കെ.എസ്.എ.കെ.കെ.ഡി./പി1/ 530/2020 (13)/30.07.2020 | 15 | 3-2, 3-3, 3-4, 3-5, 3-8, 3-9(1), 3-10(1), 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-22, 3-23 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (16)/16.7.2019 | 12 | 2-3, 3-2, 3-4, 3-7, 3-8, 3-9, 3-10, 3-12, 3-14, 3-15, 3-17, 3-21 |
| 2015-16 | ഇല്ലകെ.എസ്.എ.കെ.കെ.ഡി./പി3/ 1067/2019 (17)/16.7.2019 | 29 | 2-1 (1) (2), 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-20 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി./പി3/ 177/2019 /31.08.2019 | 16 | 2-1 (1),2-1(2), 2-2, 2-3, 2-5, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, |

| | | | |
|---|---|---|---|
| | | | 3-11, 3-12, 4-9 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി./പി3/ 1304/2019 /26.7.2019 | 24 | 1-12, 2-1, 2-1 (ബി, സി), 2-2, 2-3, 2-4, 2-5, 3-1, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19, 3-21, 3-22 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1208/2020 /20.02.2021 | 15 | 1-5, 1-6, 1-7, 1-8, 1-9, 1-10, 1-12(1)(2), 1-15(2), 1-18, 1-21, 1-28, 1-30, 1-31, 1-32 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി./പി1/ 1259/2021 /06.04.2022 | 23 | 1-1(1)1-2(3), (4), (5), (6), (7), (8), 1-10, 1-13, 1-14, 1-15, 1-17, 1-18, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 3-1, 4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി./പി1/ 982/2022 /01.06.2022 | 26 | 1-1 മുതൽ 1-26 വരെ 2-1, 2-2, 3-1 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്